## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4646 — 13.11.2019 ൽ മറുപടിയ്ക്ക്

## ചാത്തന്നൂർ ഗവ:ഐ.ടി.ഐയിൽ പുതിയ ട്രേഡുകൾ

*ചോദ്യം*
ശ്രീ.ജി.എസ്.ജയലാൽ :

*ഉത്തരം*
ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| **(എ)** ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചാത്തന്നൂർ ഗവ:ഐ.ടി. ഐയിൽ ഏതെങ്കിലും പുതിയ ട്രേഡുകൾ ആരംഭിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ; | | | **(എ)** ചാത്തന്നൂർ ഗവ.ഐ.ടി. ഐയിൽ പുതിയ ട്രേഡുകൾ ഒന്നുംതന്നെ ആരംഭിച്ചിട്ടില്ല. |
| **(ബി)** ചാത്തന്നൂർ ഗവ: ഐ.ടി.ഐ. യിലെ ഏതെല്ലാം ട്രേഡുകൾക്ക് എൻ.സി.വി.ടി.യുടെ അംഗീകാരം ഉണ്ടെന്ന് വ്യക്തമാക്കാമോ;<br><br>**(സി)** ചാത്തന്നൂർ ഗവ: ഐ.ടി.ഐ. യിൽ നിലവിൽ ഏതെല്ലാം ട്രേഡുകൾ ഉണ്ടെന്നും അവയിൽ രണ്ട് യൂണിറ്റുകൾ ഉള്ള ട്രേഡുകൾ ഏതെല്ലാമെന്നും വിശദമാക്കാമോ; | | | **(ബി) യും (സി) യും**<br>ചാത്തന്നൂർ ഗവ. ഐ.ടി.ഐ.യിൽ ഇലക്ട്രീഷ്യൻ, വെൽഡർ, മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ, സർവ്വേയർ, ഫിറ്റർ എന്നീ ട്രേഡുകളുടെ 2 യൂണിറ്റുകൾ വീതവും ഡ്രസ്സ് മേക്കിംഗ്, പെയിന്റർ ജനറൽ, ഡ്രാഫ്റ്റ്സ്മാൻ സിവിൽ എന്നീ ട്രേഡുകളുടെ ഓരോ യൂണിറ്റ് വീതവും നിലവിലുണ്ട്. പ്രസ്തുത ട്രേഡുകൾക്കെല്ലാം തന്നെ എൻ.സി.വി.റ്റി യുടെ അംഗീകാരമുണ്ട്. |
| **(ഡി)** ചാത്തന്നൂർ ഗവ: ഐ.ടി.ഐ ഒരു ഫസ്റ്റ് ഗ്രേഡ് ഐ.ടി.ഐ ആയി ഉയർത്തുന്നതിന് ഇതിനകം എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ അവ എന്തെല്ലാമെന്നും വിശദമാക്കാമോ? | | | **(ഡി)** വിഷയം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ